**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3386** **11-03-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൊല്ലം-നെല്ല്യാടി-മേപ്പച്ചൂർ റോഡ്, അകലാപ്പുഴ പാലം, നടേരികടവ് പാലം എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് പ്രസ്തുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടി പുരോഗമിച്ചു വരുന്നു.<br><br><u>കൊല്ലം നെല്ല്യാടി മേപ്പയൂർ റോഡ് നിർമ്മാണം</u>.<br><br>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം, 4(1) വിജ്ഞാപനം എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.<br><br><u>നടേരിക്കടവ് പാലം നിർമ്മാണം.</u><br><br>2013-ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ ആക്ട് പ്രകാരമുള്ള നടേരിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം, 4(1) വിജ്ഞാപനം, 11(1) വിജ്ഞാപനം എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br><u>അകലാപ്പുഴ പാലം നിർമ്മാണം.</u><br><br>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ വിജ്ഞാപനങ്ങൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടുള്ളതല്ല. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഏതൊക്കെ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് പ്രസ്തുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>കൊല്ലം നെല്ല്യാടി മേപ്പയൂർ റോഡ് നിർമ്മാണം.</u>**<br><br>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം, 4(1) വിജ്ഞാപനം എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.<br><br>**<u>നടേരിക്കടവ് പാലം നിർമ്മാണം.</u>**<br><br>2013-ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ ആക്ട് പ്രകാരമുള്ള നടേരിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം, 4(1) വിജ്ഞാപനം, 11(1) വിജ്ഞാപനം എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>**<u>അകലാപ്പുഴ പാലം നിർമ്മാണം.</u>**<br><br>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ വിജ്ഞാപനങ്ങൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടുള്ളതല്ല. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ പ്രസ്തുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ